പതിനാലാംകേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1271

03/10/2016 -ൽ
മറുപടിയ്ക്ക്

## എച്ച്.എ.ഡി.എ പദ്ധതികൾ

ചോദ്യം

ഉത്തരം

ശ്രീ.ജോർജ്.എം.തോമസ്

(ബഹു.മുഖ്യമന്ത്രി)

(എ) എച്ച്.എ.ഡി.എ. (Hill Area Development Authority)യുടെ വിശദാംശങ്ങളും പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥയും എന്താണെന്നു വ്യക്തമാക്കാമോ;

(എ) 14/11/2011 ലെ സ.ഉ (എം.എസ്) 60/11/ പ്ലാനിംഗ് എന്ന ഉത്തരവ് പ്രകാരം 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ നിയമം അനുസരിച്ച് 2012 മെയ്മാസം 28-ാം തീയതി മുതൽ മലയോരവികസന ഏജൻസി രജിസ്റ്റർ ചെയ്യുകയുണ്ടായി.

മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, സിസിപിആർഎം, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം.

ഏജൻസിയുടെ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ്ബോഡിയുമാണ്. തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഏജൻസിയുടെ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഭരണവിഭാഗം സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലങ്ങളിൽ പ്രവർത്തനങ്ങളുടെ ഏകോപനം പിഎയു പ്രോജക്ട് ഡയറക്ടർമാർക്കാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരാണ് ഫീൽഡുതല നിർവ്വഹണ ഉദ്യോഗസ്ഥർ. ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള

പദ്ധതികൾ, പഴം, പച്ചക്കറി വികസന പദ്ധതി, മലയോരറോഡുകളുടെ പുനരുദ്ധാരണം, സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി, പൊതുകുളങ്ങളുടെ നവീകരണം, കാർഷിക വികസനം, പരിസ്ഥിതി പരിപാലന പദ്ധതികൾ, നബാർഡ് അധിഷ്ടിത ആർ.ഐ.ഡി.എഫ് പദ്ധതികൾ എന്നീ വികസന പദ്ധതികൾ, സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം നടപ്പിലാക്കാനാണ് മലയോര വികസന ഏജൻസിക്ക് നിലവിൽ അധികാരമുള്ളത്. മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ചില പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്ര സഹായം ലഭിച്ചുവരുന്നു. പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയും ഇ-ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ മലയോര വികസന ഏജൻസിക്ക് 130.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എച്ച്.എ.ഡി.എ. യിൽ ഉൾപ്പെടുത്തി തിരുവമ്പാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എച്ച്.എ.ഡി.എ.യിൽ ഉൾപ്പെടുത്തി തിരുവമ്പാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം 1 ആയി കൊടുത്തിട്ടുണ്ട്.

(സി) എച്ച്.എ.ഡി.എ. പദ്ധതിയിൽ തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി, കൊടിയത്തൂർ ഗ്രാമപഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി) നിലവിലുള്ള നിബന്ധനയനുസരിച്ച് ഭൂവിസ്തൃതിയുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 800 മീറ്റർ കോണ്ടൂറിന് മുകളിൽ വരികയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമാവുകയോ ചെയ്യുന്ന പഞ്ചായത്തുകളെയാണ് ഹാഡയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നത്.

സെക്ഷൻ ഓഫീസർ

[illegible] ലഭ്യമാണ്